# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 13-346/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 13-346/23 തീയ്യതി: 22/03/2023

## തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 06-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലിഷ. കെ.വി (ഓഡിറ്റ് ഓഫീസർ)
ശ്രീ. സുരേഷ് ബാബു .ബി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ശാലിനി .വി.കെ (സീനീയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. സ്വപ്ന .എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ്. പി. വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിജയൻ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ. സന്തോഷ് കുമാർ.റ്റി | സെക്രട്ടറി | 08-04-2021 | 26-10-2021 |
| ശ്രീ. വിജയൻ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2021 | 04-11-2021 |
| ശ്രീ. സന്തോഷ് കുമാർ.റ്റി | സെക്രട്ടറി | 05-11-2021 | 22-02-2022 |
| ശ്രീ. വിജയൻ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-02-2022 | 13-03-2022 |
| ശ്രീ. സന്തോഷ് കുമാർ.റ്റി | സെക്രട്ടറി | 14-03-2022 | 31-03-2022 |
| ശ്രീമതി. പ്രിയ ദിനേഷ് | കൃഷി ഓഫീസർ | 01-04-2021 | 02-08-2021 |
| ശ്രീമതി.നീന ലെനിൻ | കൃഷി ഓഫീസർ | 02-08-2021 | 26-08-2021 |
| ശ്രീമതി.സുമ റോസ് സുന്ദരൻ | കൃഷി ഓഫീസർ | 26-08-2021 | 28-10-2021 |
| ശ്രീമതി.ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ഡോ. സൌമ്യ. ശശിധരൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. ചിത്ര കെ.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ് . ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി. ദീപ്തി . വി. എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 11-07-2021 |
| ശ്രീമതി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-07-2021 | 18-07-2021 |
| ശ്രീമതി. അൻസി. എ. ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |
| ശ്രീ. വിജയൻ. എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശീമതി. രശ്മി. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ബൈജു. കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. നിജു.എം. എൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി. മരിയ. എം. | ഐ സി ഡി എസ് സൂപ്പർ | 01-04-2021 | 10-11-2021 |

| | | | |
|---|---|---|---|
| ബേബി | വൈസർ | | |
| ശ്രീമതി. ലേഖ. | ഐ സി ഡി എസ് സൂപ്പർ വൈസർ | 10-11-2021 | 25-11-2021 |
| ശ്രീമതി. സാവിത്രി. എ | ഐ സി ഡി എസ് സൂപ്പർ വൈസർ | 25-11-2021 | 31-03-2022 |
| ശ്രീമതി. സരിത .വിജയൻ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ജുമൈല. ബീവി | എച്ച് എം | 01-04-2021 | 26-10-2021 |
| ശ്രീമതി. ഷൈജ. എ.എം | എച്ച് എം | 27-10-2021 | 31-03-2022 |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യ പത്രികഅപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമപെൻഷൻ | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-5-1 |
| 8 | മരണം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല | 1-5-2 |
| 9 | തൊഴിൽ രഹിത വേതനം വിതരണം സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-5-3 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-10 |
| 15 | വസ്തു നികുതി -അപാകതകൾ | 1-11 |
| 16 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും- ലൈസൻസ് നൽകൽ- അപാകതകൾ | 1-12 |
| 17 | ലേലം -നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 18 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന് തുക കൈമാറൽ - അവലോകനം | 1-14 |
| 19 | ഹരിത സഹായ സംഘത്തിനുള്ള കൺസൾട്ടൻസി ഫീസ് നൽകൽ - പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-15 |
| 20 | പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 599040/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 21 | അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം | 1-17 |
| 22 | ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന സമയക്രമം പാലിക്കുന്നില്ല. | 1-18 |
| 23 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-19 |

| | | |
|---|---|---|
| 24 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ് | 1-20 |
| 25 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 109389 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 26 | തെള്ളിക്കച്ചാൽ ചിറ നവീകരണം പ്രവർത്തി - -ടെണ്ടർ കിഴിവ് കുറവ് ചെയ്യാതെ തുക നൽകൽ - അധികം നൽകിയ 99267 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 27 | ടേക്ക് എ ബ്രേക്ക് പദ്ധതി - വിശ്രമ കേന്ദ്രം നിർമ്മിച്ച ഭൂമിയുടെ ഉടമസ്ഥതാ അവകാശം സംബന്ധിച്ച രേഖ ലഭ്യമാക്കിയില്ല | 1-23 |
| 28 | അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് അറ്റകുറ്റപ്പണി-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- | 1-24 |
| 29 | ഡെപ്പോസിറ്റ് പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 832958/-തടസ്സം ചെയ്യുന്നു. | 1-25 |
| 30 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) വിവിധ ഫണ്ടുകളിലെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തുന്നതിൽ ജാഗ്രതക്കുറവ്. | 1-26 |
| 31 | ഭവന പുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചില്ല. | 1-27 |
| 32 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന വിവരങ്ങൾ ലഭ്യമല്ല. | 1-28 |
| 33 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് അടവാക്കൽ-പദ്ധതി നിർവഹണത്തിൽ സുതാര്യതയില്ല. | 1-29 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-30 |
| 35 | എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-31 |
| 36 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ് | 1-32 |
| 37 | തെരുവ് വിളക്ക് പരിപാലനം - രേഖകൾ ലഭ്യമല്ല 372283 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 38 | ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

18.2.2021 ലെ 1/1 -ാം നം. ഭരണസമിതി തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 909271 |
| പ്രതീക്ഷിത വരവ് | 259312330 |
| ആകെ | 260221601 |
| പ്രതീക്ഷിത ചെലവ് | 258750020 |
| നീക്കിയിരിപ്പ് | 1471581 |

1. 1994 ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ (Annexure 6)

സി) പെർഫോമൻസ് ബജറ്റ് (Annexure 10)

ഡി) ജെൻഡർ ബജറ്റ്(Annexure 11)

ഇ) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവയിൽ ബജറ്റ് പ്രസംഗം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 3 ന് ഇംപ്ലിമെന്റിംഗ് ഓഫീസർമാരിൽ നിന്നും അനുബന്ധം 1,2 എന്നിവ പൂർത്തീകരിച്ച് വാങ്ങിയാണ് ബജറ്റ് രൂപീകരണം നടത്തിയിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത്

നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളുംപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.07.2022 |

വാർഷികധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ചേർത്തിട്ടുണ്ട്

### 1-2-1 വാർഷികധനകാര്യ പത്രികഅപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് ജേണൽ വൌച്ചറുകൾ പ്രിന്റ് എടുക്കാൻ കഴിയുന്നവയല്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ജേണൽ വൌച്ചറുകൾ, കോൺട്രാ വൌച്ചറുകൾ എന്നിവ ഓൺലൈനായി പരിശോധിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ആയത് കമ്പ്യൂട്ടർ ജനറേറ്റഡ് റിപ്പോർട്ട് ആണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കേണ്ടതാണ്.

3. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2021 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് നിലവിൽ സ്ഥിരം ജീവനക്കാരുടെ കുടിശിക മാത്രമേ B4 ഷെഡ്യൂളിൽ രേഖപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും ഇന്ധനച്ചെലവ് മുൻകൂട്ടി നിർണ്ണയിക്കാൻ കഴിയില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്

4. 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

5. ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ പാസ് ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി അക്കൗണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ.

| | 01.04.2021 ലെ മുന്നിരിപ്പ് | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|---|
| Treasury Own Fund VPFA 1-2 | 224 | 224 |

ഇത് വർഷങ്ങളായി ഉള്ള നീക്കിയിരിപ്പാണെന്നും ബാങ്ക് സ്റ്റേറ്റുമെന്റ് / പാസ്ബുക്ക് ലഭ്യമല്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

6. വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

7. I18 – 280100104 പ്രയർ പീരീഡ് ഇൻകം - പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ ബിൽഡിംഗ് ഹെഡിൽ 2664/- രൂപ കറവു ചെയ്തതിനു ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മുൻ അഡ്വാൻസ് കളക്ഷനിൽ അഡ്ജസ്റ്റ് ചെയ്ത തുകയാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

8. ബാലൻസ് ഷീറ്റ് ബി 5-ലെ ലോൺ ബാദ്ധ്യത തുകയായ (64203425) രൂപയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ട്രയൽ ബാലൻസ് പ്രകാരം

ഈയിനത്തിൽ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Receipt & Payment പ്രകാരം തുക ചെലവായതായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

9. B-7 ഷെഡ്യൂൾ പ്രകാരം Deposit Received From Staff ഇനത്തിൽ 1000/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് 2020 ൽ പഞ്ചായത്ത് ഇലക്ഷനോട് അനുബന്ധിച്ച് Election Deposit തുക 1000/- രൂപ സ്വീകരിച്ചത് ഹെഡ്സ് മാറി പോസ്റ്റ് ചെയ്തതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. B-18ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 3700/- രൂപ, താൽക്കാലിക അഡ്വാൻസ് ഇനത്തിൽ 5894/- രൂപ എന്നിങ്ങനെ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മുൻവർഷങ്ങളിൽ ടി ഹെഡ്ഡുകളിൽ അവശേഷിച്ച തുകയാണെന്നും 2022-23 വർഷങ്ങളിൽ തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

13. B-18 Schedule പ്രകാരം ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ 354900/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് 3.5.2019 ൽ ലഭ്യമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം 45100/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ആണ് ലഭ്യമായിട്ടുള്ളത്. ആയത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 45100/- രൂപ കഴിച്ച് അവശേഷിക്കുന്ന 309800/- രൂപ തിരികെ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14. ജനറൽ പർപ്പസ് ഫണ്ട് സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം ആകെ വരവ് 11711674/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം വരവ് 11689000/- രൂപയാണ്. 22674/- രൂപയുടെ വ്യത്യാസം കാണുന്നു. മേൽ തുക അക്കൌണ്ടിൽ ക്രെഡിറ്റായത് 01.04.22 ന ശേഷമാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി അക്കൌണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

15. പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയ്ക്കായി 56616/- രൂപ ലഭ്യമാകുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

16. സി.എഫ്.സി. ഗ്രാന്റ് വരവ് 11811138/- രൂപയും (ആർ.പി.7, ആർ പി. 31 പ്രകാരം) ചെലവ് 9515724/- രൂപയും (സുലേഖ പ്രകാരം) ആണ്. എന്നാൽ ഈയിനത്തിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് 3030065/- (ആർ.പി. 40(ബി)) ആണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല. സുലേഖയിൽ കാണുന്ന ചെലവ് ഇ-ഗ്രാം സ്വരാജ് വഴി മാത്രമുള്ള ചെലവാണെന്നും എന്നാൽ ട്രഷറി വഴിയും ചെലവ് ഉള്ളതിനാലാണ് വ്യത്യാസം കാണുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി ചെലവുകളെല്ലാം സുലേഖ സ്റ്റേറ്റുമെന്റിൽ പ്രതിഫലിപ്പിക്കണമെന്നതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

17. കാഷ്ബുക്ക് പ്രകാരം 21.1.22ൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ബാലൻസ് (29067) രൂപ രേഖപ്പെടുത്തിയിരിക്കുന്നു. 22.01.22 ലും നീക്കിയിരിപ്പ് തുക നെഗറ്റീവ് ബാലൻസ് ആണ് (25087) രേഖപ്പെടുത്തിയിരിക്കുന്നത്.

19. AFS പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി (കറന്റ് ) | 2153249 | 2090049 | 58528 |
| വസ്തു നികുതി (അരിയർ) | 333842 | 169757 | 179403 |

20. പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 2153249 | 2090049 | 58528 |
| സഞ്ചയ പ്രകാരം | 2153249 | 2088669 | 55713 |
| വസ്തുനികുതി (കുടിശ്ശിക) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 333842 | 169757 | 179403 |
| സഞ്ചയ പ്രകാരം | 336823 | 169757 | 170810 |

21. B-4 Schedule പ്രകാരമുള്ള ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിരിപ്പ് തുക 15040/- ന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. (പ്രോജക്ട് നം. പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ, 2022-23 ൽ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ).

22. RP-7 ഷെഡ്യൂൾ പ്രകാരം Head Code 160100619 പ്രകാരം ICDS 342350/- രൂപ വരവുണ്ട്. ലഭ്യമാക്കിയ എ.സി.ആർ പ്രകാരം അത്തരത്തിലൊരു വരവ് ബുക്ക് ചെയ്തിട്ടില്ല.

23. സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ RP-7 ഷെഡ്യൂൾ Head Code 160300101 പ്രകാരം 1451006/- രൂപയുടെ വരവും Head Code 160300102 പ്രകാരം 2569523/- രൂപയുടെ വരവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാന്വൽ ആയി തയ്യാറാക്കി ലഭ്യമാക്കിയ എ.സി.ആറിൽ മേൽ വരവുകൾ രേഖപ്പെടുത്തിയിട്ടില്ല. വരവിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

24. തനത് ഫണ്ട്, ലൈഫ് എന്നിവയുടെ അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടുകളായതിനാൽ പലിശയിനത്തിൽ വരവ് ലഭ്യമായിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ കറണ്ടുഅക്കൌണ്ടുകളായതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

25. B2 ഷെഡ്യൂൾ പ്രകാരം Panchayat Distress Relief Fund ഇനത്തിൽ 304950/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയത് B17, RP 40(b) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗസ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 11504979 | 11504979 | *16984000 | -5479021 |
| വികസനഫണ്ട് എസ്.സി.പി | 0 | 6841333 | 6841333 | **7472000 | -630667 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 84334 | 84334 | ***99000 | -14666 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12111000 | 12111000 | 9569731 | 2541269 |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 0 | 6781348 | 6781348 | 5313069 | 1468279 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(Tied) | 0 | 8954159 | 8954159 | 4015928 | 4938231 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic Grant) | 0 | 5444950 | 5444950 | 5499796 | -54846 |
| CSS | 0 | 0 | 0 | ****813924 | -813924 |
| SSS | 0 | 0 | 0 | *****5010946 | -5010946 |

* ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ) ചെലവ് 16984000/- രൂപയും എ.സി.ആർ പ്രകാരമുള്ള ചെലവ് 11503666/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

** ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് (SCP) ചെലവ് 7472000/- രൂപയും എ.സി.ആർ പ്രകാരമുള്ള ചെലവ് 6841333/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

***. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് (TSP) ചെലവ് 99000/- രൂപയും എ.സി.ആർ പ്രകാരമുള്ള ചെലവ് 84334/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*****ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല. എ.സി.ആർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic), CSS, SSS എന്നിവ നെഗറ്റീവ് നീക്കിയിരിപ്പ് ആയത് വിശദീകരിക്കേണ്ടതാണ്.

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2020-21 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കാത്തതിന്റെ കാരണം

വ്യക്തമല്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320200207 | 52350 |
| 320700205 | 59622 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100101 | 34382 |
| 320100121 | 1102222 |
| 320200111 | 2542715 |
| 320200112 | 487350 |
| 320200307 | 25000 |
| 320200322 | 710763 |
| 320300199 | 400937 |
| 320400199 | 151351 |
| 320700204 | 1110474 |
| 320200309 | 34984.55 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

II. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

III.ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം., വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണ്.

IV. CMDRF ഇനത്തിൽ അടവാക്കാനുള്ള തുകയായ 16000 രൂപ Donations To Pandemic Epidemic Control ഇനത്തിലെ തുകയായ 266961- എന്നിവ B4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്നു. ഇപ്രകാരം തുക നീക്കിയിരിപ്പായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഗ്രാന്റ് യൂട്ടിലൈസേഷൻ - അപാകതകൾ.

1. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക 2115820 രൂപയാണ്. ഈയിനത്തിൽ ആകെ 2747976/-രൂപ വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽ വകയിരുത്തുകയും 1650866/-രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 60% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് ആശ്രയ പ്രോജക്റ്റ്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ പ്രോജക്റ്റ് നം. 32 പ്രകാരം ആശ്രയ ഭവനപുനരുദ്ധാരണം 2021-22 ലേയ്ക്കായി 200000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ചെലവഴിച്ചതായി കാണുന്നില്ല. പ്രോജക്റ്റ് നം. 54 പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പാഥേയം 2021-22 ന് 599040/- രൂപ വകയിരുത്തുകയും അത്ര തന്നെ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ദുർബലവിഭാഗങ്ങൾക്കായി വകയിരുത്തിയതിന്റെ 75% ആണ് ചെലവഴിച്ചിട്ടുള്ളത്.

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 1057910/- ആണ്. വകയിരുത്തൽ 1395110/- രൂപ ആണ്. ചെലവ് 494040/- രൂപ. ചെലവ് ശതമാനം 35%

4. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ സംരക്ഷണഫണ്ട് (റോഡ്), (നോൺറോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക ₹ (ACR പ്രകാരം) | ചെലവ് തുക ₹ (ACR പ്രകാരം) | നീക്കിയിരിപ്പ് തുക₹ | ചെലവ് ശതമാനം | 2022-23 ൽ പരമാവധി അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സാകുന്ന തുക |
|---|---|---|---|---|---|---|
| സംരക്ഷണഫണ്ട് റോഡ് | 12111000 | 9569731 | 2541269 | 79% | 2422200 | 119069 |
| സംരക്ഷണഫണ്ട് (നോൺറോഡ്) | 6781348 | 5313069 | 1468279 | 78.3% | 156269.6 | 97990.6 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.ക്യാരിഓവർ തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ* | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 11 | 9 | 2 | 82 | 2242842 | 829916 | 37 |
| Ii | വെറ്റിനറി സർജൻ | 7 | 7 | 0 | 100 | 4008000 | 1946700 | 49 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 6 | 6 | 0 | 100 | 3620000 | 3532258 | 98 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 1043000 | 1043000 | 100 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 4 | 0 | 100 | 1439936 | 164726 | 11 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ -2 | 12 | 11 | 1 | 92 | 4661800 | 4356581 | 93 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 9 | 2 | 82 | 4667014 | 3401209 | 74 |
| Viii | സെക്രട്ടറി | 46 | 38 | 8 | 73 | 18573422 | 13901423 | 75 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 40 | 15 | 73 | 25784481 | 17030517 | 66 |
| Xi | എച്ച്.എം. | 4 | 1 | 3 | 25 | 850035 | 400000 | 47 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 1500000 | 817882 | 55 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 1 | 91 | 3060258 | 2166506 | 71 |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1 | 7 | 6 | 1 | 86 | 23940416 | 11985607 | 50 |
| ആകെ | | 178 | 145 | 33 | 81 | 95391204 | 61576325 | 65 |

*ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള അടങ്കലും ചെലവുമാണ് പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ആകെ വകയിരുത്തിയ തുകയുടെ 65 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് . അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 55 പ്രോജക്ടുകളിൽ 40 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വി ഇ ഒ സർക്കിൾ -1-55%, എച്ച് എം 47% , കൃഷി ഓഫീസർ-37%, ഫിഷറീസ് ഇൻസ്പെക്ടർ 11%, വെറ്റിനറി സർജൻ 49% എന്നിങ്ങനെയാണ് ചെലവ് വിഹിതം .

ബി. തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | SO 126/22 | സുഭിക്ഷ കേരളം തരിശു ഭൂമി | കൃഷി ഓഫീസർ |
| 2 | SO 152/22 | ജലജീവൻ മിഷൻ | സെക്രട്ടറി |

പദ്ധതി നടപ്പിലാക്കാതിരുന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 25/14-2-23 ന് മറുപടി ലഭ്യമാക്കിയില്ല.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല . 21-22 വർഷത്തെ ആസൂത്രണ സമിതി മിനുട്സ് ലഭ്യമാക്കിയില്ല.

(സി) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല . ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും ഒരു ദിവസം മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ആരോഗ്യം (ആയുർ വേദം, ഹോമിയോ) വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തൻ വർഷം സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. മറ്റുള്ളവയിൽ പ്രോജക്റ്റ് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ

ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | വിദ്യാഭ്യാസം | 29-1-21 | തുടർ വിദ്യാഭ്യാസത്തിനായി ഫണ്ട് അനുവദിക്കുക |
| 2 | സാമൂഹ്യ ക്ഷേമം | തീയതി രേഖപ്പെടുത്തിയിട്ടില്ല. | പകൽ വീട് പ്രവർത്തനം ,അങ്കണവാടികളിൽ കുടിവെള്ള വിതരണം |
| 3 | പട്ടിക വർഗ്ഗ വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല | വിദ്യാർഥികൾക്ക് പഠനമുറി |

പദ്ധതിപ്പണം പാഴാകാതെ പൂർണമായും ഫലപ്രദമായും ഉപയോഗിക്കുന്നതിനുതകും വിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5818000 | 351 |
| വിധവാപെൻഷൻ | 19766100 | 1257 |
| വാർദ്ധക്യകാല പെൻഷൻ | 36145200 | 2469 |
| വികലാംഗ പെൻഷൻ | 4845500 | 312 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 385600 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| തൊഴിൽ രഹിത വേതനം | 86160 | 72 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണം

തുടരുന്നു

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. 03.04.21 ലെ 30/21 നമ്പർ മുതൽ 08.12.21 ലെ 154/21 നമ്പർ വരെയുള്ള രജിസ്ട്രേഷൻ പരിശോധിച്ചതിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹ മായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സത്യശീലൻ ആർ | 102490201434 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.02.21 | സസ്പെൻഡ് | 03/21-04/21 | 1600*2 |
| 2 | സുകുമാരൻനായർ.പി | 102490200766 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.03.21 | സസ്പെൻഡ് | 04/21 | 1600*1 |
| 3 | ഷംസുദ്ദീൻ | 102490202237 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09.05.21 | ആക്ടീവ് | 06/21 - 11/22 | 1600*18 |
| 4 | വസുമതി റ്റി | 102490200525 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | 05.06.21 | ആക്ടീവ് | 07/21-11/22 | 1600*17 |
| 5 | ജമീലാബീവി എസ് | 102490202192 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.06.21 | സസ്പെൻഡ് | 07/21-08/21 | 1600*2 |
| 6 | തങ്കപ്പൻ | 102490100486 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08.07.21 | സസ്പെൻഡ് | 08/21 | 1600*1 |
| 7 | അബ്ദുൽഖരിം | 102490200414 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.08.21 | ആക്ടീവ് | 09/21-11/22 | 1600*15 |
| 8 | സദാനന്ദൻ കെ | 102490201993 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.08.21 | ആക്ടീവ് | 09/21-11/22 | 1600*15 |
| 9 | തങ്കമ്മ | 102490200100 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.06.21 | സസ്പെൻഡ് | 07/21-09/21 | 1600*3 |
| 10 | സൈനംബീവി | 102490200795 | ഇന്ദിരാ | 22.09.21 | സസ്പെൻഡ് | 10/21 | 1600*1 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | |
| 11 | ഗോപാലകൃഷ്ണ പിള്ള ജെ | 102490200802 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.10.21 | സസ്പെൻഡ് | 11/21 | 1600*1 |
| 12 | സരളാദേവി വി. എസ് | 101670221443 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.11.21 | ആക്ടീവ് | 12/21-11/22 | 1600*12 |
| 13 | ബാലകൃഷ്ണൻ | 102490201103 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.11.21 | സസ്പെൻഡ് | 12/21-1/22 | 1600*2 |

മരണം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ പെൻഷൻ സെക്ഷനെ അറിയിച്ച് പെൻഷൻ വിതരണം നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാലാണ് ഇത്തരം അപാകത സംഭവിച്ചിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം23/21-22, 14/02/2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-2 മരണം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ്, എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്. സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി/ക്ഷേമ പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|
| 1 | വിശ്വംഭരൻ കെ | 102480200124 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.02.2021/ നെല്ലനാട് ഗ്രാമ പഞ്ചായത്ത് |
| 2 | മാധവൻ പി | 102690201237 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.06.2021/കഠിനംകുളം ഗ്രാമ പഞ്ചായത്ത് |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5-3 തൊഴിൽ രഹിത വേതനം വിതരണം സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2021-22 വർഷം തൊഴിൽ രഹിത വേതനമിനത്തിൽ ചെലവ് 86160/-രൂപയാണ്. ബിൽ നം.16/13.09.2021 പ്രകാരം ഈ തുക 72 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലൂടെയാണ് വിതരണം ചെയ്തിരിക്കുന്നത്. സ.ഉ ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും പ്രസ്തുത വ്യക്തിയിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020 ലെ DEE-TVM/668/2020-S2നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളൂ എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ നിബന്ധനകൾ പാലിക്കാതെയാണ് 2021-22 വർഷം തൊഴിൽ രഹിത വേതനം പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ളത്. നിലവിലുണ്ടായിരുന്ന 72 ഗുണഭോക്താക്കൾക്ക് ഓണത്തിന് അനുവദിച്ച വേതനത്തുക സമയബന്ധിതമായി വിതരണം ചെയ്യുകയാണുണ്ടായതെന്ന് ഓഡിറ്റ് എൻക്വയറി (നം 50/21-22,16/02/2023)ക്ക് മറുപടി നൽകി. കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. നിലവിലെ വ്യക്തിഗത കുടുംബ വാർഷിക വരുമാനം (2021 - 22 ലെ) നിർദ്ദിഷ്ട പരിധിയ്ക്കകത്താണെന്ന് ഉറപ്പാക്കാതെയാണ് തുക വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കളെ പട്ടികയിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചു. സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 10-02.2023-ന 3.30 PM-ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3902/- രൂപയുടെ പണം നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിക്കുകയും ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും ചെയ്തിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തുന്നത് സ്റ്റാഫ് മീറ്റിംഗിനോടൊപ്പമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

2.സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല, ആയത് ചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതായി കാണുന്നില്ല. നിലവിൽ ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായത്തിന്റെ ആവശ്യകത ഇല്ലയെന്നും ആവശ്യം വരുന്ന മുറക്ക് ഏർപ്പെടുത്തുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുന്നൊരുക്കം ഇല്ലാത്തതാണ് കാരണം.

5.പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി പരിശോധനയിൽ കണ്ടു.

6. നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഉപയോഗിക്കുന്ന രസീതുകളിൽ കൃത്യതയും സാക്ഷ്യപ്പെടുത്തലും ആവശ്യമാണ്.

7)വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

8)തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം.

9) ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

10) പൊതു ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

11) മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിത പ്പെടുത്തേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3932 | 1115982 | 1119914 | 1085532 | 34382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 64560000 | 64560000 | 64560000 | 0 |
| ആകെ | 3932 | 65675982 | 65679914 | 65645532 | 34382 |

2021-22 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ. ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കളരി വനം വൃക്ഷത്തൈനിർമ്മാണ നഴ്സറി |
| എം.ബുക്ക് നം | 746/2021-22 |
| ചെലവ് തുക | 117161.5 |

അപാകങ്ങൾ

1)2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ കവർ പേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി,ജനകീയ എസ്റ്റിമേറ്റ് , സൈറ്റ് ഡയറി, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, ഫയൽ ട്രാക്കിംഗ് ഫോറം എന്നിവ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, വർക്ക് അലോക്കേഷൻ ഫോം എന്നിവ ഫയലിൽ ലഭ്യമല്ല.

2) 2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി പ്രകാര സർക്കാർ ഭൂമിയിൽ നടപ്പാക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് നടപ്പാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രവും ലഭ്യമാക്കിയിട്ടില്ല.

3)എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ആയതിന്റെ രേഖകളും ലഭ്യമാക്കയിട്ടില്ല.

II) 1.MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

III) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

IV.14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് പഞ്ചായത്ത് പരിധിയിൽ

2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയില്ല.

V.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കവരുത്തിയ വിവരങ്ങൾ ലഭ്യമല്ല.

| പ്രവൃത്തി | എം. ബുക്ക് നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| കുനൻവേങ്ങ റോഡ് കോൺക്രീറ്റിംഗ് സ്നേഹപുരം എസ്.എൻ നോർത്ത് | 196/2021-22 | അനസ്. എ.എൻ | 324717 |
| ആട്ടുകാൽ റോഡ് കോൺക്രീറ്റിംഗ് | 202/2020-21 | എം. മനാഫ് | 324717 |
| പന്തപ്ലാവിക്കോണം റോഡ് കോൺക്രീറ്റ് | എം.ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല | അനസ്.എ.എൻ | 324717 |
| പൊക്കം-കുഴി റോഡ് കോൺക്രീറ്റിംഗ് | 199/2020-21 | സ്നേഹലാൽ. കെ | 324717 |
| പാലാംകോണം കുത്തുപറമ്പ് അമ്പലം റോഡ് | 203/2020-21 | എം. മനാഫ് | 324717 |
| മുല്ലമണലയം കുന്നംപുറം റോഡ് കോൺക്രീറ്റിംഗ് | 204/2020-21 | അനസ്.എ.എൻ | 324717 |
| തേരിക്കാട് അയണിക്കുഴി റോഡ് കോൺക്രീറ്റിംഗ് | 198/2021-22 | ഷിബുകുമാർ.എം | 305302 |

| | | | |
|---|---|---|---|
| പിണറുംമൂട് ശക്തിപുരം റോഡ് കോൺക്രീറ്റിംഗ് | 195/2020-21 | ഷിബുകുമാർ.എം | 324717 |
| ശാസ്താംനട വട്ടവിളാകം റോഡ് കോൺക്രീറ്റ് | 194/2020-21 | ഷിബുകുമാർ.എം | 305302 |

7.തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ Lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ/രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം (നമ്പർ -36 തീയതി :15.02.2023) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.05.2022മുതൽ 28-5-22 വരെ | 1-8-21 മുതൽ 31-3-22 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.2018 മുതൽ 21.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 22/12/2018 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

രസീതുകളിൽ സാക്ഷ്യപ്പെടുത്തലുകൾ കൂടാതെ തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

ഉദാഹരണങ്ങൾ ചുവടെ

| രസീത് ബുക്ക് നം. | രസീത് നം. | റിമാർക്സ് |
|---|---|---|
| 2634 | 54/4.1.2022 | തുകയിൽ തിരുത്തൽ വരുത്തിയിരിക്കുന്നു. |
| 1301 | 17/15.2.2022 | തുക 3087 എന്ന് അക്കത്തിൽ എഴുതി തിരുത്തൽ വരുത്തി 2940 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |

| | | |
|---|---|---|
| | | എന്നാൽ അക്ഷരത്തിൽ 3087 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| 2646 | 97/7.2.2022 | അക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 28 അക്ഷരത്തിൽ 27 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്കുകളുടെ പരിപാലനത്തിലെ കൃത്യതയും ആധികാരികതയും സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും പ്രതിഫലമാണെന്നിരിക്കേ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -അപാകതകൾ

I. വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ്വെയറിൽ വാർഡ് 11 മാത്രം പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 11/101 | സുരേഷ്, ചേരാട്ടുകുഴി വീട് | പാർപ്പിടം | 67 ച.മീ |
| 2 | 11/156 | അബ്ദുൾ റഷീദ്, ഡാലിയ | പാർപ്പിടം | 80 ച.മീ |
| 3 | 11/431 | ഹംസ, വടക്കേകോണത്ത് വിളയിൽ വീട് | പാർപ്പിടം | 68 ച.മീ |
| 4 | 11/471 | എൻ. വത്സല, ദിവ്യാഭവൻ, കലുങ്കിൻ മുഖം | പാർപ്പിടം | 65 ച.മീ |
| 5 | 11/582 | അബ്ദുത്താലിഫ്, വിളയിൽ വീട് | പാർപ്പിടം | 64 ച.മീ |
| 6 | 11/584 | ശാന്തമ്മ. എൻ, സി.പി ഹൌസ് | പാർപ്പിടം | 66 ച.മീ |
| 7 | 11/613 | സൈനുദ്ദീൻ, തെക്കോകോണത്ത് വീട് | പാർപ്പിടം | 70 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39 ന് വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയപ്പോൾ എ.ആർ വി പ്രകാരമുള്ള നികുതി പൂജ്യമായി രേഖപ്പെടുത്തിയതിനാലാണ് ടി കെട്ടിടങ്ങൾക്ക് ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടാത്തതെന്നും സ്ഥലപരിശോധന നടത്തി പ്രസ്തുത കെട്ടിടങ്ങൾ നികുതി ചുമത്തപ്പെടേണ്ടവയാണെങ്കില് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ വാർഡിലേയും ഇപ്രകാരമുള്ള കെട്ടിടങ്ങളെ കണ്ടെത്തി വസ്തു നികുതി ഈടാക്കേണ്ടവയുണ്ടെങ്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. 60 ച.മീറ്ററിൽ താഴെയുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ്

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന്

മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 3/115 | കെ. ഗോപാലകൃഷ്ണക്കുറുപ്പ്, ഇരപ്പിൽ വീട് |
| | 3/116 | |
| 2 | 3/146 | സരള. എസ്, ചെമ്മണ്ണംകുന്ന്, പുല്ലമ്പാറ |
| | 3/147 | |
| 3 | 3/244 | ശ്യാമള, കുന്നിക്കോട് തടത്തരികത്തു വീട് |
| | 3/247 | |
| 4 | 3/303 | അബ്ദുൾ മജീദ്, ഫിറോസ് മൻസിൽ |
| | 3/305 | |
| | | |
| 5 | 3/409 | ആമിനാബീവി, ചാവറ റോഡ്, കുന്നംപുറത്തു വീട് |
| | 3/410 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39 ന് ക്രമ നം. 1.2 എന്നിവയിൽ പരാമർശിച്ചിട്ടുള്ള 3/116, 3/147 , 3/247എന്നിവ പൊളിഞ്ഞുപോയിട്ടുള്ളവയാണെന്നും ആയത് സഞ്ചയയിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം,4, 5 എന്നിവയിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി നികുതി ചുമത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സ്വീകരിക്കേണ്ടതാണ്.

III. വാർഡ് അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ലായെന്നും ഇനിയൊരു വസ്തു നികുതി പരിഷ്കരണം ഉണ്ടാകുന്ന സമയത്ത് മേൽ സൂചിപ്പിച്ച ചട്ട പ്രകാരമുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

IV. ഒരേ പ്രദേശത്തെ /കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 3/26 | ഗംഗാധരൻപിള്ള, മായാഭവൻ | കല്ലുങ്കിൻമുഖം മൂഴി അയ്യൻപാറ ആയിരവില്ലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 3/30 | സജി.എസ്, അശ്വതിഭവൻ | കല്ലുങ്കിൻമുഖം മൂഴി അയ്യൻപാറ ആയിരവില്ലി റോഡ് | 1.5 മീറ്ററിൽ കൂടുതല് | ത്രിതീയം |
| 2 | 3/48 | നീലാംബരൻ, വടക്ക് വിളാകത്തു വീട് | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററിൽ കൂടുതൽ | ത്രിതീയം |

| | | | | | |
|---|---|---|---|---|---|
| | 3/60 | അശോകൻ, അമൽ നിവാസ് | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 3 | 3/80 | സലാഹുദ്ദീൻ, മൂഴിയിൽ വീട് | കല്ലുങ്കിൻമുഖം അയ്യൻപാറ ആയിരവില്ലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 3/83 | രമ്യാമോൾ, വടക്കേവിളാകത്തു പുത്തൻവീട് | കല്ലുങ്കിൻമുഖം അയ്യൻപാറ ആയിരവില്ലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39 ന് വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിലേയ്ക്ക് കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വന്ന അപാകതകൾ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇപ്രകാരം അപാകങ്ങൾ സംഭവിക്കുന്നത് മൂലം യഥാർത്ഥത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവ് സംഭവിക്കാം. ആയതിനാൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

V, മൊബൈൽ ടവർ വസ്തു നികുതി- ഈടാക്കാൻ അവശേഷിക്കുന്നു.

താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ 2019-20, 2020-21 വർഷങ്ങളിലെ വസ്തുനികുതി ഇനത്തിലെ അരിയർ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ

| കെട്ടിട നം. | സ്ഥാപനം | സാമ്പത്തിക വർഷം | ഡിമാന്റ് തുക |
|---|---|---|---|
| 15/129 | ഇൻഡസ് ടവർ ലിമിറ്റഡ് | 2019-20 I Half | 14399 |
| | | 2019-20 II Half | 14398 |
| | | 2020-21 I Half | 14399 |
| | | 2021-22 II Half | 14398 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VI. പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിന് വാണിജ്യാവശ്യത്തിന് ലൈസൻസ്

2011 -ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ 1 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | ഇനം | ലൈസൻസ് നം. | സഞ്ചയയിൽ ഉപയോഗ ക്രമം |
|---|---|---|---|---|
| 15/339 A | ശ്രീമതി സീനത്ത് ബീവി, | ഫ്ലവർമിൽനടത്തുന്നതിന് | 1155 | പാർപ്പിടം |

| | | | | |
|---|---|---|---|---|
| | ആലുവിള വീട് | | | |
| 10/108 | ശ്രീ, അഷ്റഫ്, എൻ,ആർ മൻസിൽ | റബ്ബർ വ്യാപാരം നടത്തുന്നതിന് | 1133 | പാർപ്പിടം |
| 10/95 | ശ്രീ. എം. നാസറുദ്ദീൻ | പലചരക്ക വ്യാപാരം നടത്തുന്നതിന്. | 1149 | പാർപ്പിടം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 49ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും ഇപ്രകാരം തനതുഫണ്ടിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

VII. സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ വ്യത്യസ്ഥ ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും . ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 40 ന് സർക്കുലർ പ്രകാരമുള്ള നിർദ്ദേശം പാലിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും- ലൈസൻസ് നൽകൽ- അപാകതകൾ

1. ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിൽ പഞ്ചായത്ത് രാജ് ചട്ടം പാലിക്കുന്നില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പ്രി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 9 ന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്മാൾ സ്കെയിൽ വരെയുള്ള തരത്തിലുള്ള സ്ഥാപനങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നും സ്ഥാപനങ്ങളുടെ അപേക്ഷകളിൽ തരം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും മൂലധനനിക്ഷേപം അന്വേഷണത്തിൽ ശരിയായി വിലയിരുത്തിയ ശേഷമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും ലൈസൻസ് രജിസ്റ്ററിലും അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനും താരതമ്യേന തനതുവരുമാനം കുറഞ്ഞ പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം ലൈസൻസ് പുതുക്കുന്നുവെന്നുറപ്പു വരുത്തേണ്ടതാണ്.

കേരള പഞ്ചായത്ത്രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്. 2020-21വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ക്രമ നം. 1 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2021-22വർഷം ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 1/118 | ജി.പുരുഷോത്തമൻനായർ, ഉദയംഭവൻ | ബിൽഡിംഗ് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനു വേണ്ടി |
| 2 | 11/266C | മുഹമ്മദ് സീദ് കരീം, അക്ഷാഹ് | Water And Soft Drinks Production And Sale |
| 3 | 7/114 | ശിവദാസൻ.പി എസ്.എൻ ഭവൻ | പലചരക്ക് വ്യാപാരം നടത്തുന്നതിന് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9 ന് ക്രമനം.1 ലെ സ്ഥാപനം പ്രവർത്തിപ്പിച്ചില്ലായെന്നും ക്രമ നം. 2ൽ അനധികൃതനിർമ്മാണം നടത്തിയതിനാൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലായെന്നും ക്രമ നം.3 ൽ വ്യാപാരം അവസാനിപ്പിച്ചതായി അറിയിപ്പ് നൽകിയതിനെ തുടർന്നുള്ള അന്വേഷണത്തിൽ ആയത് ബോധ്യപ്പെട്ടതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ മറുപടിയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ , ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

3. റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻകടകൾക്കും ലൈസൻസ് എടുക്കുന്നതിന് നിരവധി തവണ നോട്ടീസ് മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ലൈസൻസ് എടുക്കുന്നതിന് ഒരു റേഷൻ ഉടമ പോലും തയ്യാറായിട്ടില്ലായെന്നും താലൂക്ക് സപ്ലൈഓഫീസർക്കും ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019-ലെ (സി.എസ്) എ9-764/2019-ാം നം.കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി , സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

4. സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

2021-22 ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള നീനു ക്രഷർ ഇൻഡസ്ട്രി എന്ന ക്വാറിയുടെ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തണമെന്നതായിരുന്നു പരിസ്ഥിതി ക്ലിയറൻസ് നൽകുന്നതിനുള്ള ഒരു നിബന്ധന. ക്വാറിയിൽ നിന്നു പൊട്ടിക്കുന്ന ഓരോ ടൺ കല്ലിനും പത്ത് രൂപാ നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ചെലവ് ചെയ്യണമെന്നും പ്രസ്തുത തുക പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനം/ഉടമ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം |
|---|---|---|
| 50 | ശ്രീ. മുഹമ്മദ് ബഷീർ | DIA/KL/MIN/15846/2018 Dated 16.11.2018 |

ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, മോണിറ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ, എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് കോവിഡ് - 19 രണ്ടാംതരംഗം ശക്തി പ്രാപിച്ചതിനെ തുടർന്ന് ഭൂരിഭാഗം സമയങ്ങളിലും ക്വാറിയുടെ പ്രവർത്തനം തടസ്സപ്പെട്ടതിനാൽ ഉടമ സാമ്പത്തിക പ്രതിസന്ധി നേരിട്ട സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് സാധിച്ചിരുന്നില്ലായെന്നും തുടർന്നുള്ള വർഷങ്ങളിൽ അത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്2013-ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച്

കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന/ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലേലം -നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.07.2021ലെ എ 5-1729/21-ാം നം. ലേല പരസ്യത്തിൽ ഉൾപ്പെട്ട പാലാംകോണം ലക്ഷംവീട് കോളനിയിൽ നിൽക്കുന്ന മഹാഗണിമരം ലേലം നാളിതുവരെ ലേലം ചെയ്ത് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1 ന് നിരവധി തവണ ലേലം നടത്തിയെങ്കിലും ആരും ലേലം കൊണ്ടില്ലായെന്നും ടി വൃക്ഷത്തിന് 37856/- രൂപയാണ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ മൂല്യനിർണ്ണയം നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. ഉചിതമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത മരം ലേലം ചെയ്ത് തുക തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന് തുക കൈമാറൽ - അവലോകനം

| | |
|---|---|
| പ്രോജക്ട് നമ്പർ | SO0204/21-22 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന് തുക കൈമാറൽ |
| അടങ്കൽ | 244500(ധനകാര്യ കമ്മീഷൻ അവാർഡ് 204900 , 39600 തനത് ഫണ്ട്) |
| ചെലവ് | 204900 |
| ബിൽ നമ്പർ | 415/18.03.2022 - 142900<br>442/24.03.2022 - 62000 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുത്ത പദ്ധതിയാണ് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പഞ്ചായത്തിലെ ജനവാസമുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിച്ച് സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്ലിക്കേഷനിലൂടെ ഹരിതകർമ്മസേന പ്രവർത്തനങ്ങളും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് പ്രോജക്ടിലൂടെ നടപ്പിലാക്കി വരുന്നത്. 18.11.2021ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2307/2021/LSGD, 02.03.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 493/2022/LSGD എന്നിവയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ, ഗ്രാമപഞ്ചായത്ത്, ശുചിത്വമിഷൻ എന്നിവർ സംയുക്തമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സർവ്വീസ് ചാർജ്ജിനത്തിൽ 135700/- രൂപയും, എസ് എം എസ് തുക ഇനത്തിൽ 7200/- രൂപയും കെൽട്രോണിനു നൽകി. കൂടാതെ ക്യൂ ആർ കോഡ് ചാർജ്ജിനത്തിൽ 12000/- രൂപയും, ലാപ്ടോപ്പിന്റെ വില 50000/- രൂപയും കെൽട്രോണിന് നൽകിയിരുന്നു. ലാപ്ടോപ്പ് കെൽട്രോണിൽ നിന്നു ലഭിക്കുകയും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചതായി ഓഡിറ്റ് എൻക്വയറി (നം7/21-22, 09/02/2023)ക്ക് മറുപടി നൽകി. ഓർഡർ നൽകിയ 13000 ക്യൂ ആർ കോഡുകളിൽ 5000 എണ്ണം 04.08.2022 നം 2000 എണ്ണം 19.09.2022 നം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 6000 എണ്ണം ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല. 19.12.2022ലെ കെൽട്രോണിന്റെ KCC/CPG/CR-287 /2022-23/608 നമ്പർ കത്ത് പ്രകാരം 6462/- രൂപയ്ക്ക് ക്യൂ ആർ കോഡ് ലഭ്യമാക്കിയിട്ടുള്ളതായും 5538/- രൂപ റീഫണ്ട് ചെയ്യാനുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ തുക കെൽട്രോണിൽ നിന്നും ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം7/21-22, 09/02/2023). തുക അടിയന്തിരമായി റീഫണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തന പുരോഗതി തുടർ വർഷങ്ങളിൽ വിലയിരുത്തേണ്ടതുണ്ട്.

## 1-15 ഹരിത സഹായ സംഘത്തിനുള്ള കൺസൾട്ടൻസി ഫീസ് നൽകൽ - പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO0122/21-22 |
| പ്രോജക്ടിന്റെ പേര് | ഹരിത സഹായ സംഘത്തിനുള്ള കൺസൾട്ടൻസി ഫീസ് നൽകൽ |
| അടങ്കൽ | 246432(ധനകാര്യകമ്മീഷൻഅവാർഡ്) |
| ചെലവ് | 234110 |
| ബിൽ നമ്പർ | 1. 106/28.09.21 – 41072<br>2. 134/18.10.21 – 69822<br>3. 177/17.11.21 – 20536<br>4. 213/27.12.21 – 20536<br>5. 265/17.01.22 – 20536<br>6. 308/12.02.22 – 20536<br>7. 380/15.03.22 – 20536<br>8. 462/28.03.22 - 20536 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഹരിത കേരളം മിഷൻ ശുചിത്വമാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ഹരിതസഹായ സംഘത്തിന് ഗ്രാമ പഞ്ചായത്ത് കൺസൾട്ടൻസി ഫീസ് നൽകുന്നതിനാണ് പ്രോജക്ട്(17.03.20ലെ 331/സി15 /2019/എസ് എം നമ്പർ ഉത്തരവ് പ്രകാരം). പൂല്ലമ്പാറ ഗ്രാമ പഞ്ചായത്ത് അമാസ്, നെയ്യാറ്റിൻകര എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 17.03.20ലെ 331/സി15/2019/എസ് എം നമ്പർ ഉത്തരവ് ഖ -4 പ്രകാരം ഹരിത സഹായ സംഘങ്ങൾ എല്ലാ മാസവും 5ാം തീയതിക്ക് മുൻപ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ജില്ലാശുചിത്വമിഷനും നൽകേണ്ടതാണ്. തുടർന്ന് 10ാം തീയതിക്കുള്ളിൽ ശുചിത്വമിഷൻ ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ഹരിത സഹായ സ്ഥാപനത്തിന്റെയും അവയുടെ പ്രവർത്തനപരിധിയിൽ വരുന്ന തസ്വഭവ സ്ഥാപനങ്ങളുടേയും റിവ്യൂ സംഘടിപ്പിക്കേണ്ടതാണ്. 15ാം തീയതിക്കുള്ളിൽ റിവ്യൂ യോഗത്തിന്റെ മിനിട്ട്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ നൽകണം. മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ കൺസൾട്ടൻസി ഫീസ് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററുടെ മിനിട്ട്സ് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/21-22, 09/02/2023 ക്ക് ശുചിത്വമിഷൻ റിവ്യൂ സംഘടിപ്പിക്കുകയോ മിനിട്ട്സ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്നറിയിച്ചു.

2. ഹരിത സഹായ സ്ഥാപനത്തിന്റെ ജൂലൈ, ഒക്ടോബർ, ഡിസംബർ, ഫെബ്രുവരി എന്നീ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 19.04.2021 നാണ് അമാസ് എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടത്. അവശേഷിക്കുന്ന മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/21-22, 09/02/2023 ക്ക് അവ പ്രതിമാസ വൌച്ചറോടൊപ്പം സൂക്ഷിച്ചിട്ടുണ്ട് എന്നറിയിച്ചെങ്കിലും മേയ്, ജൂൺ ആഗസ്റ്റ്, ജനുവരി മുതലായ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 599040/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO054/21-22 |
| പ്രോജക്ടിന്റെ പേര് | പാഥേയം |
| അടങ്കൽ | 599040(വികസനഫണ്ട് ജനറൽ) |
| ചെലവ് | 599040 |

| | |
|---|---|
| ബിൽ നമ്പർ | 164/06.11.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2021 - 22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ജില്ലാപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകുന്നതാണ് പ്രോജക്ട്. പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട അഗതികളായ ഗുണഭോക്താക്കൾക്ക് ഒരു വർഷത്തിലെ 365 ദിവസവും സൗജന്യമായി പൊതിച്ചോർ വീട്ടിലെത്തിച്ച് നൽകുന്നതിനാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ 60ശതമാനം ചെലവ് ജില്ലാ പഞ്ചായത്തും 40ശതമാനം ചെലവ് ഗ്രാമപഞ്ചായത്ത് വിഹിതവും ആയിരിക്കും.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10.08.2021ലെ A3/3296/2021 നമ്പർ കത്ത് പ്രകാരം 2021-22 വർഷം 112 ജനറൽ, 60 എസ് സി പി എന്നിങ്ങനെ ഗുണഭോക്താക്കൾ ഉള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുള്ള തുക599040/- ആണ്. ഇത്തരത്തിൽ 40% വിഹിതത്തിൽ കുറവ് തുക വകയിരുത്താനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/21-22, 08/02/2023 ന ഗുണഭോക്താക്കളുടെ എണ്ണം 104 ആയിരുന്നതിനാലാണ് തുക വകയിരുത്തിയതിൽ കുറവ് വരുത്തിയത് എന്ന് മറുപടി നൽകി. പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 2019-20, 2020-21 എന്നീ വർഷങ്ങളിൽ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നെങ്കിലും പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെടാതിരുന്നതിനാലാണ് തുക ഒടുക്കാത്തത് എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം

സ. ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1),(2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൌതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു. തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പിന്റെ 3-9-2010 ലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുപൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 858922 മുന്നിരിപ്പും 1102222/- നീക്കിയിരിപ്പും ഈ ഇനത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇത്തരത്തിൽ അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത 12 അങ്കണവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 16/21-22 09.02.2023) ക്ക് അങ്കണവാടികളുടെ നിലവിലെ ഭൌതിക സാഹചര്യം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കി ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 12 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 4 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 25 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | ഇല്ല |

| | | |
|---|---|---|
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |

## 1-18 ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന സമയക്രമം പാലിക്കുന്നില്ല.

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശപ്രകാരം 2021-22 കാലയളവിൽ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ച തീയതി, ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം ലഭിച്ച തീയതി എന്നിവയുടെ വിശദാംശം ഓഡിറ്റ് എൻക്വയറി നം 18/2021-22, 09.02.23 പ്രകാരം ആവശ്യപ്പെട്ടതിന് 28.06.2022 ലെ പരിശോധനാ റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത റിപ്പോർട്ട് കൈരളി ന്യൂട്രിമിക്സ് യൂണിറ്റിന്റെ സാമ്പിൾ പരിശോധിക്കുന്നതിനായി വെള്ളനാട് ഐ സി ഡി എസ് ഓഫീസ് സി ഡി പി ഒ നൽകിയതാണ്. മേൽ റിപ്പോർട്ട് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന് ബാധകമാകുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിലെ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഗുണനിലവാരം ഉറപ്പു വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. ഭാവിയിൽ ഗുണനിലവാരം ഉറപ്പുവരുത്തി മാത്രം അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0045/21 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 205200<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 205200 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

1) പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 19 വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം 21-22വർഷം ലഭിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.08.2016 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. കൂടാതെ സ.ഉ (കൈ) നമ്പർ 22/ 2018 തസ്വഭവ തീയതി 14.02.2018 ഖ 7.1.1പ്രകാരം ഭിന്ന ശേഷിക്കാരായവരുടെ ഡേറ്റ ബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സ്വീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം 15/2021-22, 09.02.23 ക്ക് വിദ്യാർത്ഥികളുടെ പേര് മാത്രം രേഖപ്പെടുത്തിയ ഒരു നോട്ട് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിരുന്നു. എന്നാൽ ആയത് ആധികാരിക രേഖയായി അംഗീകരിക്കുന്നില്ല.

2) സരിൻ , ചരുവിള പുത്തൻവീട്, കുളപ്പുറം, പുല്ലമ്പാറ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖയിൽ അക്കൌണ്ട് നമ്പർ 38737341125 ആണ്. എന്നാൽ സ്കോളർഷിപ്പ് തുക നിക്ഷേപിച്ചിട്ടുള്ളത് 67122858690

എന്ന അക്കൌണ്ടിലാണ്. പ്രസ്തുത അക്കൗണ്ട് ആരുടേതാണ്, യഥാർത്ഥ ഗുണഭോക്താവിനാണോ തുക ലഭിച്ചിട്ടുള്ളത് എന്നത് പരിശോധിക്കുവാൻ ആവശ്യമായ രേഖ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/2021-22, 09.02.23 ക്ക് മറുപടിയായി ഗുണഭോക്താവിന്റെ അക്കൌണ്ട് നമ്പർ 38737341125 ന്റെ പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്കോളർഷിപ്പ് തുക നിക്ഷേപിച്ചിട്ടുള്ള അക്കൌണ്ട് മറ്റൊന്നായതിനാൽ യഥാർത്ഥ ഗുണഭോക്താവിനാണോ ആനുകൂല്യം ലഭിച്ചത് എന്നതിൽ വ്യക്തത വരുത്തേണ്ടതുണ്ട്. അടിയന്തിരമായി വിഷയം പരിശോധിച്ച് അനർഹർക്കാണ് തുക ലഭ്യമായതെങ്കിൽ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3)അപേക്ഷ, ബില്ല് മറ്റനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ദേവാനന്ദ് ആർ എ എന്ന വിദ്യാർത്ഥിക്ക് അർഹമായതിലധികം തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ

| ക്രമ നമ്പർ | പേര് | നൽകിയ തുക | നൽകേണ്ടിയിരുന്നത് | അധികമായി നൽകിയത് |
|---|---|---|---|---|
| 1 | ദേവാനന്ദ് ആർ എ | 6700 | 5200 | 1500 |

അധികമായി കൈപ്പറ്റിയ തുക ഓഡിറ്റ് എൻക്വയറി നം 15/2021-22, 09.02.23 യുടെ അടിസ്ഥാനത്തിൽ 13.02.2023 ൽ കുറവ് തുക ലഭിച്ച ദേവാനന്ദ് ആർ എസ് എന്ന വിദ്യാർത്ഥിയുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S003/21-22 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 1315500 (വികസന ഫണ്ട്-ജനറൽ 657750, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 328875, ജില്ലാ പഞ്ചായത്ത് വിഹിതം 328875) |
| ചെലവ് | 986625 (വികസന ഫണ്ട്- ജനറൽ 657750, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 328875 ) |
| ബിൽ നമ്പർ | 1. 13.07.2021 – 328875/-<br>2. 33/13.07.21 – 131625/-<br>3. 132/12.10.21 – 14500/-<br>4. 161/06.11.21 – 29000/-<br>5. 241/10.01.22 – 360000/-<br>6. 296/31.01.22 - 122625/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഗുണഭോക്തൃ പട്ടിക പ്രകാരം 47 പേർ ഉണ്ടായിരുന്നുവെങ്കിലും അപേക്ഷ സമർപ്പിച്ച 37ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രോജക്ട് പരിശോധിച്ചതിൽ ആകെ 47 വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിക്ക് 27989.4/- രൂപ ലഭ്യമാകുന്ന തരത്തിൽ ആണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ₹ 328875/- ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്നുവെങ്കിലും ആയത് സമയബന്ധിതമായി ആവശ്യപ്പെടാത്തതിനാൽ ലഭ്യമാകാത്ത സാഹചര്യമാണുണ്ടായത്. (ഓഡിറ്റ് എൻക്വയറി നം 20/2021-2, 11.02.23)

2. സ.ഉ (കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018, 7.1.6. ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി പ്രതിവർഷം ₹ 28500/- സ്കോളർഷിപ്പ് തുക നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ആകെ രണ്ട് വിദ്യാർത്ഥികൾക്ക് മാത്രമാണ് ₹ 28500/-രൂപ തൻ വർഷം അനുവദിച്ചിട്ടുള്ളത്. നാല് പേരൊഴികെ മറ്റുള്ളവർക്ക് ₹ 27500/-രൂപയാണ് അനുവദിച്ചിട്ടുള്ളത്. കുറവ് തുക നൽകിയ നാല് പേരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ലഭിച്ച തുക |
|---|---|---|
| 1 | ജിൻസി ബി* | 24000 |
| 2 | അനൂപ് ഒ എസ് | 24000 |
| 3 | അബു റാസീൻ എസ് ആർ | 24500 |
| 4 | അമാർബിൻ അബ്ദുൾ ഖാദർ | 24500 |

*ക്രമ നമ്പർ 1 ലെ ജിൻസി ബി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ വിദ്യാർത്ഥികൾ ബഡ്സ് സ്കൂളിൽ പഠിക്കുന്നവരായതിനാലാണ് ഇത്തരത്തിൽ കുറവ് തുക നൽകിയതെന്ന് ഓഡിറ്റ് എൻക്വയറി (നം 20/2021-2, 11.02.23)ക്ക് മറുപടി നൽകി. എന്നാൽ കോവിഡ് കാലയളവിൽ പഠനം നടക്കാത്ത സാഹചര്യമായിരുന്നതിനാൽ എല്ലാ വിദ്യാർത്ഥികൾക്കും പരമാവധി തുകയ്ക്ക് അർഹതയുണ്ടായിരുന്നു.

മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി ആവശ്യമായ ഫണ്ട് വകയിരുത്തുവാനും ആയത് ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-21 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 109389 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 65/22 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1650000 |
| ചെലവ് | 412500 |
| ബിൽ നമ്പർ | 1)226/06.01.2022 തുക 312500<br>2) 264/17.01.2022 തുക 100000 |
| ഫണ്ടിനം | പ്ലാൻഫണ്ട് |
| നിർവ്വഹണം | വെറ്റിനറി സർജൻ |

6 മാസത്തിനു താഴെയുള്ള പശുക്കളുള്ള 66 ഗുണഭോക്താക്കൾക്ക് കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി 50% സബ്സിഡിയോടുകൂടി കാലിതീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 6250/- രൂപ നിരക്കിൽ 66 പേർക്കുള്ള 412500/- രൂപയാണ് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. പുല്ലംപാറ, തെള്ളിക്കച്ചാൽ സഹകരണ സംഘങ്ങളിൽ നിന്നാണ് തീറ്റ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 1-2-23 ലെ വിനിയോഗസാക്ഷ്യ പത്രം പ്രകാരം 303111/- രൂപ വരെ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 109389/-

രൂപ വിനിയോഗിക്കുന്നതിനായി അവശേഷിക്കുന്നു. പ്രസ്തുത വിനിയോഗ സാക്ഷ്യ പത്രത്തിൽ 5 പേരെ റിമൂവ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (27/14.02.23) ക്ക് മറുപടിയായി ഷീല (62528), സലീന ബീവി (62537), ബീനാ കുമാരി (62538), അശ്വതി (62539), ലത (62545) എന്നീ അഞ്ചു പേരുടെ കന്നുകുട്ടികളെ റിമൂവ് ചെയ്തതായി അറിയിച്ചിട്ടുണ്ട്. പുല്ലമ്പാറ ക്ഷീര സംഘത്തിന്റെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ രഘുനാഥൻ നായർ ( റീന .എസ്, റീന ഭവൻ ) എന്നിവർ 6/22 മുതൽ കാലിത്തീറ്റ വാങ്ങിയിട്ടില്ല, ശ്രീകണ്ഠൻ നായർ ( ഷീന റാണി) 5/22 മുതൽ കാലിത്തീറ്റ വാങ്ങിയിട്ടില്ല. പ്രീതി പാലാം കോണം 5/22, 6/22, 1/23 എന്നീ മാസങ്ങളിൽ വാങ്ങിയിട്ടില്ല. രാമകൃഷ്ണൻ പാലാംകോണം (മഞ്ജു പി പി) എന്ന ഗുണഭോക്താവ് 8/22 മുതൽ കാലിത്തീറ്റ വാങ്ങുന്നില്ല. മേൽ പറഞ്ഞ റീമൂവ് ചെയ്ത 5 ഗുണഭോക്താക്കൾക്കായി അടവാക്കിയ തുക എസ് എൽ ബി പി യിൽ നിന്നും തിരികെ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതും മൂന്നു മാസത്തിനു മുകളിൽ കാലിത്തീറ്റ വാങ്ങാതെയിരിക്കുന്നവരും എന്നാൽ വിനിയോഗ സാക്ഷ്യ പത്രത്തിൽ റിമൂവ് ചെയ്തതായി കാണിക്കാത്തതുമായ 4 പേരുടെ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടിവിവരം ലഭ്യമാക്കേണ്ടതും ആണ്. വിനിയോഗ വിവരം ലഭ്യമാകാത്ത 109389/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 തെള്ളിക്കച്ചാൽ ചിറ നവീകരണം പ്രവർത്തി - -ടെണ്ടർ കിഴിവ് കുറവ് ചെയ്യാതെ തുക നൽകൽ - അധികം നൽകിയ 99267 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 115/22 |
| പ്രോജക്റ്റിന്റെ പേര് | തെള്ളിക്കച്ചാൽ ചിറ നവീകരണം പ്രവർത്തി |
| അടങ്കൽ | 400000 |
| ചെലവ് | 399810 |
| ഫണ്ടിനം | സി എഫ് സി |
| ബിൽ നം | 408/17-3-22 |
| കരാറുകാരൻ | ഷിബു കുമാർ |
| എം ബുക്ക് നം | 138/21-22 തി-5-5-21 |
| കരാർ നം | 21/AE/LSGD/PLM/21-22 DT-23-11-21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

തെള്ളിക്കച്ചാൽ ചിറ നവീകരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ( 25.75% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് ) ഷിബു കുമാറുമായി കരാറിൽ ഏർപ്പെടുകയും 15-3-22ന് പ്രവർത്തി പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട് . പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ കിഴിവായ 25.75% തുക പ്രവർത്തിമൂല്യത്തിൽ നിന്നും കുറവു ചെയ്യാതെ തുക അനുവദിച്ചതു വഴി കരാറുകാരൻ അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവർത്തി മൂല്യം - | 356973 | 356973 |
| ടെണ്ടർ കിഴിവ് (-)27.75% | 91921 | കുറവ് ചെയ്തില്ല |
| തുക | 265052 | 356972 |
| 12% ജി എസ് ടി തുക(+) | 31806 | 42837 |
| ആകെ | 296858 | 399810 |
| നികുതി കൾ(-) | 10604( 2651*4) | 14316 |
| കരാറുകാരന് നൽകേണ്ടത് | 286227 | 385494 |
| അധികം നൽകിയത് | 99267 | |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/9-2-23 ) ന് മറുപടിയായി തുക അടവാക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെക്കും അധികം നൽകിയ 99267/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ടേക്ക് എ ബ്രേക്ക് പദ്ധതി - വിശ്രമ കേന്ദ്രം നിർമ്മിച്ച ഭൂമിയുടെ ഉടമസ്ഥതാ അവകാശം സംബന്ധിച്ച രേഖ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 161/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 1682996 |
| ചെലവ് | 468892 |
| ഫണ്ടിനം | ധന കാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം | 172/10-11-21 |

2020-21 വർഷം 1682996/- ( പ്രോജക്ട് രൂപീകരണ ഫോറം -2 ൽ പ്രോജക്ടിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്ന ഭാഗത്ത് 300000 എന്നാണ് രേഖപ്പെടുത്തൽ) രൂപ അടങ്കൽ വച്ച് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനു വേണ്ടി രൂപീകരിച്ച മേൽ പദ്ധതിയിൽ തൻ വർഷം 468892/- രൂപ ചെലവുണ്ട് . പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വേങ്കമല ക്ഷേത്രത്തിന്റെ കോംപൌണ്ടിലാണ് നിർദ്ദിഷ്ട വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നത്. സർക്കാർ ഉത്തരവ് 39/20 തീയതി 20-2-20 പ്രകാരം സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനും ഖണ്ഡിക 2 പ്രകാരം ദേശീയ പാത , സംസ്ഥാന പാത എന്നിവക്കരികിൽ 3 സെന്റ് ഭൂമി സർക്കാർ പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി ഉത്തരവിൽ നിഷ്കർഷിക്കുന്നത്. ദേശീയ പാത, സംസ്ഥാന പാത എന്നിവയ്ക്കരികിൽ 3 സെന്റ് സർക്കാർ ഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്. വേങ്കമല ക്ഷേത്രം ട്രസ്റ്റിന്റെ ഭൂമിയിൽ പ്രസ്തുത വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് മുൻപായി ടി സ്ഥലം പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റി പഞ്ചായത്തിന്റെ ആസ്തിയിലേക്ക് മാറ്റിയിരുന്നോ എന്നും സ്വകാര്യ ഭൂമിയിൽ ടി കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് 39/20 തീയതി 20-2-20 ൽ നിഷ്കർഷിക്കുന്ന അനുമതി ലഭ്യമായിട്ടുണ്ടോ എന്നും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 35/15-2-23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥലം സെക്രട്ടറിയുടെ പേരിലേക്ക് മാറ്റിയിട്ടുണ്ടെന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല ആയത് ലഭ്യമാക്കേണ്ടതാണ്. കരാർ പ്രകാരം 6 മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതായ (18-1-21 സൈറ്റ് കൈമാറിയത്) പ്രസ്തുത വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തി നിലവിൽ 95% പൂർത്തീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-24 അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് അറ്റകുറ്റപ്പണി-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-

തൻവർഷം അടാട്ട് മാതൃകയിൽ രണ്ട് പദ്ധതികളാണ് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി | അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 111/21 - 22 | 151/21-22 (Spill Over) |
| അടങ്കൽ | 5,50,000/- (വി.ഫ. സി എഫ് സി) | 82933/-(വി.ഫ. സി എഫ് സി) |
| ചെലവ് | 538500/- | 16650/- |

പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലേയും തെരുവ് വിളക്കുകൾ അടാട്ട് മാതൃകയിൽ അറ്റകുറ്റപണി നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം പത്രപ്പരസ്യം നൽകി ക്വട്ടേഷനിലൂടെ 2 ഇലക്ട്രീഷ്യൻമാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയും തെരുവ് വിളക്ക് അറ്റകുറ്റപണികൾക്കായി വാഹനം വാടകയ്ക്ക് എടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഇലക്ട്രീഷ്യൻമാർക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ യൂണിഫോം, ഗ്ലൌസ്, മാസ്ക്, ഐഡന്റിറ്റി കാർഡ്, ഹെൽമറ്റ് എന്നിവ വാങ്ങി നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇലക്ട്രീഷ്യൻ- കം- ഡ്രൈവറുമായി പഞ്ചായത്ത് സെക്രട്ടറി 26.06.2020ൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ശ്രീ മനോജ് എസ് എസ്, മന ഭവൻ, മുണ്ടൂർക്കോണം, ആനാട്; ശ്രീ. അരുൺ കുമാർ വി, അർച്ചന ഭവൻ, ആനാട് പി ഒ

എന്നിവരുമായിട്ടുള്ള മുൻ വർഷങ്ങളിൽ ഏർപ്പെട്ട കരാർ 2021-22 വർഷം പുതുക്കിയിട്ടുള്ളതായി ഫയലിൽ വ്യക്തമല്ല.

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പരാമർശങ്ങളിൻമേൽ ഇനിയും വ്യക്തത ലഭിക്കുവാനുണ്ട്.

1) കരാർ നിബന്ധന II -1 പ്രകാരം പ്രവൃത്തി നിർവ്വഹിക്കേണ്ട തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പരിപൂർണ്ണ വിവരം വാർഡടിസ്ഥാനത്തിൽ പഞ്ചായത്തിന്റേയും വാർഡ് മെമ്പറുടേയും സഹായത്താൽ ശേഖരിച്ച് ക്രോഡീകരിച്ച് വാർഡ് തിരിച്ച് രജിസ്റ്ററായി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 17-08-2015 ലെ ജി.2/44274/15ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3) വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ലൈറ്റുകൾ റിപ്പയർ ചെയ്തതായി മെമ്പർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യന് വേതനവും വാഹനവാടകയും അനുവദിക്കുന്നത്.ഈ വിവരങ്ങൾ ലഭ്യമല്ല.

4) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രിഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്.ഇവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

6) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തായി അറിവില്ല.

7) തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല. തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്ന വിവരങ്ങളും ലഭ്യമാക്കിയില്ല.

പരാമർശം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ/രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം ( നം 37/21-22 തീയതി.15/02/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം മറുപടി ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 832958/-തടസ്സം ചെയ്യുന്നു.

സെക്രട്ടറി വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് കൈമാറിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പേര് | ചെലവ് തുക | ബിൽ നം | തുക | തുക കൈമാറിയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | അക്കൗണ്ട് നം |
| 109 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 501022 | 449-27.02.22 | 194222 | 57024200603 |
| | | | 442-24.03.22 | 188800 | 57055507242 |
| | | | 446-25.03.22 | 118000 | 67301153357 |
| 202 | വൈദ്യുത പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറിസ്ഥാപിക്കൽ. | 163078 | 337-19.02.22 | 57639 | 3648830442 |
| | | | 445-25.03.22 | 105439 | ലഭ്യമല്ല. |
| 112 | നിലാവ് പദ്ധതി-തെരുവ് വിളക്കുകളുടെ മീറ്ററിംഗ് | 168858 | 316-12.02.22 | 168858 | 57055507242 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 46/2022 തീയതി: 16.02.2023. ന് പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ചെലവ് തുക 832958/-ഓഡിറ്റ് തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) വിവിധ ഫണ്ടുകളിലെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തുന്നതിൽ ജാഗ്രതക്കുറവ്.

സംസ്ഥാനാവിഷ്കൃത ഫണ്ട്, ഹഡ്കോ വായ്പ എന്നീ ഫണ്ടുകളുടെ വകയിരുത്തൽ, ചെലവ് എന്നിവ സുലേഖ പത്രികയിൽ രേഖപ്പെടുത്തുന്നതിൽ കൃത്യത ഇല്ല.

സംസ്ഥാനാവിഷ്കൃത ഫണ്ട്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി തൻവർഷം 165/22, 83/22 എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത ഫണ്ട് ഇനത്തിൽ സുലേഖ പത്രിക പ്രകാരം ഇരു പദ്ധതികൾക്കുമായി ആകെ വകയിരുത്തിയിരിക്കുന്ന തുക 3500000/-രൂപയാണ്. ഇതിൽ പദ്ധതി നം 165 പ്രകാരം 1000000/-രൂപ വകയിരുത്തുകയും 3505495/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതിനെക്കാൾ അധികമാണ് ഇവിടെ ചെലവ്. എന്നാൽ പദ്ധതി നം 83 പ്രകാരം 2500000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവില്ല.

ഹഡ്കോ വായ്പ

ഈ പദ്ധതി പ്രകാരം ഹഡ്കോ വായ്പയിനത്തിൽ 1739389/-രൂപ ചെലവായതായി കാണുന്നു.(ചെക്ക് നം 891832 തീയതി 26.07.2021 തുക 1533500/-&ചെക്ക് നം 891835 തീയതി 08.09.2021 തുക 205889/-) എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.അപാകത ഓഡിറ്റ് അന്വേഷണം നം -32/2022 തീയതി: 15.02.2023 പ്രകാരം നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമായില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഭവന പുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചില്ല.

പദ്ധതി നം -139/22

പദ്ധതി പേര് -ഭവന പുനരുദ്ധാരണം

അടങ്കൽ -1175000

ചെലവ് -1100000

നിർവഹണം -വി.ഇ.ഒ

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വിശ്വംഭരൻ കിഴക്കുംകര പുത്തൻവീട് ചെമ്മണ്ണുംകുന്ന്, പുല്ലമ്പാറ.പി.ഒ എന്ന ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. ടിയാൻ 50000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം-33/2022 തീയതി: 15.02.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഗുണഭോക്താവ് നാളിതുവരെ വീടിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടില്ലെന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വാല്യുവേഷൻ പ്രകാരം ശേഷിക്കുന്ന തുക അനുവദിക്കുന്നതാണെന്നും മറുപടി നൽകി. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന വിവരങ്ങൾ ലഭ്യമല്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായാണ് ഗ്രാമപഞ്ചായത്ത്- ഈ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0110/2021-22 |
| അടങ്കൽ | 500000( വി. ഫ സി എഫ് സി റൈഡ് ) |
| ചെലവ് | 500000 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 45339/- രൂപ വീതം 94 ടാപ്പുകൾക്കായി അടവാക്കി വരുന്നുണ്ട്. സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം 38/2021-22 തീയതി 15.02.2023 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമായില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് അടവാക്കൽ-പദ്ധതി നിർവഹണത്തിൽ സുതാര്യതയില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായും-ഹൈമാസ്റ്റ് ഉൾപ്പെടെയുള്ള തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കുന്നതിനായും വേണ്ടിയാണ് ഈ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്.

| | |
|---|---|
| പദ്ധതി | പൊതുടാപ്പ്, വെള്ളക്കരം വൈദ്യുത ചാർജ്ജ് അടവാക്കൽ. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 15/21 - 22 |
| അടങ്കൽ | 1040000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 883565/- |
| ബിൽനമ്പർ/തീയതി/തുക | 1. 250/11.01.2022 : 624204<br>2. 251/11.01.2022 : 81906<br>3. 450/27.03.2022 : 34859<br>4.451/27.03.2022 : 142596 |

ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളിലെയും വാട്ടർചാർജ്ജ് 12 മാസത്തേക്ക് അടവാക്കുന്നതിനും, ഹൈമാസ്റ്റ് ഉൾപ്പെടെയുള്ള തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് 12 മാസത്തേക്ക് അടവാക്കുന്നതിനും വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നുള്ളത്. സർക്കുലർ നമ്പർ 65529/ഡി.സി.3/12 ത.സ്വ.ഭ.വ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിനായി ചെലവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനായി മീറ്ററിംഗ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനും, ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറി നം

42/21-22 തീയതി 16/02/2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 13/9-2-23 ന മറുപടിയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും ആസ്തി പരിപാലനത്തിനുമുള്ള പ്ലാൻ തയ്യാറാക്കുന്നതിനും കണക്റ്റി വിറ്റി മാപ്പിംഗ് KSREC തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം ആയ R TRACK വഴി ഫേസ് 1- ഇൽ 2019-20 വർഷം എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം വിവര ശേഖരണം നടത്തിയിരുന്നു എന്നും ടി പ്രവർത്തിയുടെ വെരിഫിക്കേഷൻ സംബന്ധിച്ച ഫേസ് 2 നടപ്പാക്കുന്നതിലേക്കായി 2021-22 ൽ 14-9-21ലെ കോ ഓർഡിനേഷൻ കമ്മറ്റി തീരുമാനം അനുസരിച്ച് പദ്ധതി രൂപീകരിച്ചിട്ടുണ്ട് എന്നും ഫേസ് 1 നടപ്പിലായതിന്റെ അടിസ്ഥാനത്തിൽ കണക്റ്റിവിറ്റി പ്ലാൻ റോഡ് ലിസ്റ്റ് എന്നിവ തയ്യാറായിട്ടുണ്ടെന്നും നിലവിൽ ഫേസ് 2 വെരിഫിക്കേഷൻ പൂർത്തിയാക്കി അസി എക്സി എഞ്ചിനീയറുടെ പരിശോധനക്ക് നൽകിയിട്ടുണ്ടെന്നും അപ്രൂവൽ ഘട്ടമായ ഫേസ് 3 കഴിയുന്നതോടെ ആസ്തികൾ സംബന്ധിച്ച വിവരശേഖരണം കുറ്റമറ്റതാവൂ എന്നും നിലവിൽ R-TRACK മായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്ക് ശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ GPS കോർഡിനേറ്റുകൾ അടിസ്ഥാനമാക്കിയ കണക്റ്റിവിറ്റി പ്ലാൻ തുടങ്ങി എല്ലാ നോൺ മൂവബിൾ ആസ്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് .

## 1-31 എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 82/22 |
| പ്രോജക്റ്റിന്റെ പേര് | എ ഇ ഓഫീസിന് കരാർ അടിസ്ഥാനത്തിൽ വാഹനംവാടകക്ക് എടുക്കൽ |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ഫണ്ടിനം | തനതു ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പദ്ധതി പ്രകാരം എ ഇ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചതിന് കരാറുകാരനായ അനലാൽ എസ് ന് 300000/- രൂപ അനുവദിച്ചിട്ടുണ്ട്.

1961ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194-C പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30000രൂപയിൽ കൂടുതൽ പേയ്മെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതായിട്ടുണ്ട്. അപ്രകാരം ആദായ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് . ശ്രീ അനലാൽ എസ് – ൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/9-2-23) ആദായ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-32 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 129503/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/14.2.2023) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് പരിപാലനം - രേഖകൾ ലഭ്യമല്ല 372283 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 108/22 |
| പ്രോജക്റ്റിന്റെ പേര് | പുതിയ തെരുവു വിളക്കുകളും അവക്കുള്ള അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | 1000000 |
| ചെലവ് | 966029 |
| ഫണ്ടിനം | സി എഫ് സി |
| ബിൽ നം | 108/11-10-21-156645 |

| | |
|---|---|
| | 418/19-3-22-593746<br>438/23-3-22-215638 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടില്ലാത്ത വൈദ്യുത പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി പുതിയതായി വാങ്ങുന്നതിനും നിലവിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിക്കായി അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുമായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പുതിയ തെരുവ് വിളക്കുകൾ സർക്കാർ ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങി സ്ഥാപിക്കുന്ന രീതിയിലും നിലവിലുള്ള തെരുവ് വിളക്കുകളുടെ സാധനങ്ങൾ ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പുതിയ തെരുവ് വിളക്കുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും നേരിട്ടും അനുബന്ധ സാധനങ്ങൾ ടെണ്ടർ മുഖേന എ വൺ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയ 18/20 വാട്ടിന്റെ എൽ ഇ ഡി ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലില്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല, സെക്രട്ടറി കരാറിൽ ഒപ്പ് വെച്ചിട്ടില്ല.
2. പദ്ധതി രൂപീകരണ ഫോറത്തിന്റെ ആദ്യ ഭാഗത്ത് നിലവിലുള്ള തെരുവ് വിളക്കുകൾക്ക് ആയുള്ള അനുബന്ധ സാധനങ്ങൾ ടെണ്ടർ ക്ഷണിച്ച് വാങ്ങണമെന്നും ഫോറത്തിന്റെ ക്രമ നം 33 ൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനായും രേഖപ്പെടുത്തിയതായി കാണുന്നു. ഇപ്രകാരം രണ്ടു രീതിയിൽ രേഖപ്പെടുത്താനിടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല

3. അനുബന്ധ സാധനങ്ങൾ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത് എന്നാൽ വാങ്ങൽ നടത്തിയിട്ടുള്ള എ വൺ ഏജൻസീസ് എന്നസ്ഥാപനം സമർപ്പിച്ച ടെണ്ടർ ഫയലിലില്ല . ടിയാരുമായി കരാറിൽ ഏർപ്പെടാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

4.സുലേഖ ചെലവ് പത്രിക പ്രകാരം 966029/- രൂപ ചെലവുണ്ട് എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിനു നൽകിയ 593746/- രൂപയുടെ ചെലവ് വിശദാംശം മാത്രമാണ് ഫയലിലുള്ളത്. ബാക്കി തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5 പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ സാധനങ്ങളുടെയും സ്റ്റോക്ക് വിവരങ്ങളും വിതരണ വിവരവും ലഭ്യമാക്കിയിട്ടില്ല.

6. യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് നൽകിയ കത്തിലും സ്ഥാപനവുമായി ഏർപ്പെട്ട കരാറിലും പദ്ധതി നം 163/22 എന്നാണ് രേഖപ്പെടുത്തി കാണുന്നത് . അപ്രകാരം ഒരു പദ്ധതി സുലേഖ പ്രകാരം കാണുന്നില്ല. ബിൽ തുക നൽകിയിരിക്കുന്നത് പ്രോജക്റ്റ് നം 108/22ൽ നിന്നുമാണ്. മേൽപറഞ്ഞ അപാകങ്ങളിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 47/15—2-23 ന് മറുപടി ലഭ്യമാക്കിയില്ല

മേൽ പറഞ്ഞ അപാകങ്ങൾക്ക് വ്യക്തമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും ക്രമ നമ്പർ 1, 3 പ്രകാരമുള്ള തുകയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ആണ് . ആയതു വരെക്കും 372283/- രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വക്കുന്നു.

## 1-34 ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 195/22 |
| പ്രോജക്റ്റിന്റെ പേര് | കളിപ്പെട്ടി (ജനറൽ) |
| അടങ്കൽ | 400000 |
| ചെലവ് | 400000 |

| | |
|---|---|
| ഫണ്ടിനം | സി എസ് ആർ ഫണ്ട് |
| ബിൽ നം / വൌച്ചർ നം | 22101023/16-3-22-396000 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ യു പി സ്കൂൾ തലം വരെയുള്ള കുട്ടികൾക്ക് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടിയും മാനസിക ഉല്ലാസത്തിനു വേണ്ടിയും രൂപീകരിക്കുന്ന ഇന്നൊവേറ്റീവ് ഗണത്തിൽ ഉൾപ്പെടുന്ന പദ്ധതിയാണിത്. ഒരു യൂണിറ്റ് കളിപ്പെട്ടിയിൽ കുട്ടികൾക്ക് വിനോദത്തിനും കായിക ക്ഷമതക്കും വേണ്ടിയുള്ള ഉപകരണങ്ങൾ ഉൾപ്പെടുന്നു. ഒരു യൂണിറ്റിന് 400/- രൂപ വച്ച് 1000 കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഒരു യൂണിറ്റിൽ സ്നേക്ക് ആന്റ് ലാഡർ, സ്കിപ്പിംഗ് റോപ്പ് ടി കെ റിംഗ് , റുബിക്സ് ക്യൂബ് ,ചെസ് ബോർഡ് വിത്ത് കോയിൻ , റബ്ബർ ബോൾ എന്നിവയാണ് ഉൾപ്പെടുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 . 400000/- രൂപ അടങ്കലുള്ള പ്രസ്തുത വാങ്ങലിന് 1-1-22 ൽ ടെണ്ടർ ക്ഷണിച്ചതായി കാണുന്നുണ്ടെങ്കിലും ഏതെല്ലാം സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചതെന്നതിന്റെ രേഖകൾ ലഭ്യമല്ല. ആയതിനാൽ തന്നെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതായി രേഖപ്പെടുത്തലുണ്ട്.

2. ഒരു യൂണിറ്റിന് 400/- വച്ച് 1000 പേർക്കാണ് വിതരണം നടത്തിയിരിക്കുന്നത്. വൌച്ചർ പരിശോധനയിൽ മേൽ പറഞ്ഞ 400000/- രൂപ PALESTERA എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. ടാക്സ് ഇൻവോയ്സ് നം 1724/(തിയ്യതി രേഖപ്പെടുത്തിയിട്ടില്ല ) പ്രകാരം വാങ്ങിയ ഇനങ്ങൾ വിതരണം ചെയ്തതിന്റെ രേഖ ലഭ്യമാക്കിയെങ്കിലും ( വാർഡ് മെമ്പർ ലഭ്യമാക്കിയത് ) സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ലഭ്യമല്ല.

3. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. മേൽ പ്രകാരമുള്ള വാങ്ങലിൽ കരാറുകാരനിൽ നിന്നും ജി എസ് ടി ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (51/16.02.2023) മറുപടിയായി ടെണ്ടർ ലഭിച്ച 'പാലെസ്റ്റ" എന്ന സ്ഥാപനത്തിന് നികുതി കോമ്പൗണ്ടിംഗ് ഉള്ളതിനാലാണ് ജി.എസ്.ടി ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. നികുതി കോമ്പൗണ്ടിംഗ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4.പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ സാമ്പത്തിക ഘടകം ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കോവിഡ് കാലത്ത് താരതമ്യേനെ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ള സർക്കാർ ജീവനക്കാരുടെ മക്കൾക്കും ആനുകൂല്യം അനുവദിച്ചതായി കാണുന്നുണ്ട്. പദ്ധതി രൂപീകരണ ഫോറം പരിശോധിച്ചതിലും സാമ്പത്തിക മാനദണ്ഡം ഒരു ഘടകമായി പരിഗണിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങളിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടർ സംബന്ധിച്ച രേഖകൾ പഞ്ചായത്തിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ആയത് ലഭ്യമാക്കാമെന്നും, കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടാവുന്ന മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും മാനസികോല്ലാസത്തിനും വേണ്ടി യുള്ള പദ്ധതിയായതിനാലാണ് വരുമാന പരിധി നോക്കാതെ ആനുകൂല്യം നൽകിയതെന്നാണ്. മേൽ പ്രകാരമുള്ള ടെണ്ടർ രേഖകൾ, സ്റ്റോക്ക് വിവരങ്ങൾ , നികുതി കോമ്പൌണ്ടിംഗ് നടത്തിയതിന്റെ നിർദ്ദിഷ്ട രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകുന്ന ഏതൊരു ആനുകൂല്യത്തിനും വരുമാന പരിധി കൂടി മറ്റു ഘടകങ്ങൾക്കൊപ്പം ബാധകമാക്കുന്നതായിരിക്കും ഉചിതം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 130/22-ന്യൂ ലൈഫ് ലക്ഷം വീട് | 180000 | 180000 | |
| | 165/22-ലൈഫ് ഭവന പദ്ധതി Sc -20-21 | 649230 | 649230 | 0 |
| | 129/22- ലൈഫ് ഭവന പദ്ധതി-ജനറൽ 2020-21 | 55072 | 55072 | 0 |
| | 83/22-ലൈഫ് ഭവന പദ്ധതി 2020- ഗ്രാമ പഞ്ചായത്ത് വിഹിതം | 430000 | 430000 | 0 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 136704 | 136704 | 0 |
| ആകെ | | 1451006 | 1451006 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 37/22- കേദാരം | 34000 | 34000 | 0 |
| | 138/22-ലൈഫ് ഭവന പദ്ധതി Sc -20-21 | 232000 | 232000 | 0 |
| | 4/22- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 30000 | 30000 | 0 |
| | 3/22-സ്നേഹ സ്പർശം -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 328875 | 328875 | 0 |

| | | | | |
|---|---|---|---|---|
| | സ്കോളർഷിപ്പ് | | | |
| | 129/22-ലൈഫ് ഭവന പദ്ധതി 20-21 | 145000 | 145000 | 0 |
| | 83/22--ലൈഫ് ഭവന പദ്ധതി 2020 പട്ടിക ജാതി വിഭാഗം ( ഗ്രാമ പഞ്ചായത്ത് വിഹിതം) | 1995470 | 1995470 | 0 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 181178 | 181178 | 0 |
| ആകെ | | 2946523 | 2946523 | 0 |

| | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 21-22 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 21-22 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 59622 | 1451006 | 1510628 | 1451006 | 59622 | 59622 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1487474 | 2569523 | 4056997 | 2946523 | 1110474 | 1110474 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 109/22, പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് ഇലക്ട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ | 501022 | 0 | 501022 |
| കെ.എസ്.ഇ.ബി. | 202/22-,പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ വൈദ്യുതി പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറ്റി സ്ഥാപിക്കൽ | 163078 | 0 | 163078 |
| കെ.എസ്.ഇ.ബി. | 112/22- നിലാവ് പദ്ധതി തെരുവ് വിളക്ക് മീറ്ററിംഗ് | 168858 | 0 | 168858 |

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22-വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 0 | 832958 | 832958 | 0 | 832958 | 832958 |
| കേരള വാട്ടർ അതോറിറ്റി | 9599470 | 0 | 9599470 | 2830438 | 6769032 | 6769032 |
| ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് | 354900 | 0 | 354900 | 0 | 354900 | 354900 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| HUDCO | 68794092 | 440000 | 69234092 | 5030667 | 64203425 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 3-1 | 1583 | സജ്ജാദ്, കോൺട്രാക്ടർ | 121010104507/23-03.22 |
| ആകെ | | 1583 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 154,62,315.30 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 816,05,398.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 806,37,777.00 |
| നീക്കിയിരിപ്പ് | : | 164,29,936.30 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 20,12,937 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 599040 | ശ്രീ.വിജയൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 109,389 | ഡോ . ബൈജു. കെ , വെറ്ററിനറി സർജ്ജൻ |
| 1-22 | 99,267 | ശ്രീമതി. രശ്മി. പി . നായർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 194,222 | ശ്രീ. വിജയൻ . എം, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-25 | 188,800 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| 1-25 | 118000 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| 1-25 | 57,639 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| 1-25 | 105,439 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| 1-25 | 168,858 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| 1-33 | 372,283 | ശ്രീ. സന്തോഷ് കുമാർ . റ്റി, സെക്രട്ടറി |
| ആകെ | 20,12,937 | |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിജയൻ.എം | അസിസ്റ്റന്റ് സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | ശ്രീ വിജയൻ.എം, തേവൻകോട് വീട്, പെരുംകുളർ പി.ഒ |
| ശ്രീ.സന്തോഷ്കുമാർ.റ്റി | സെക്രട്ടറി, പുല്ലം പാറ പഞ്ചായത്ത് | സന്തോഷ് ഭവൻ , സി പി നഗർ , മുട്ടട |
| ഡോ . ബൈജു. കെ | വെറ്ററിനറി സർജ്ജൻ, | ഹയാത്ത് , ഓർക്കിഡ് |

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | എസ് എൽ ബി പി വാമന പുരം | ലൈൻ , നവോദയ നഗർ , തുണ്ടത്തിൽ പി ഒ |
| ശ്രീമതി. രശ്മി. പി . നായർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുല്ലം പാറ പഞ്ചായത്ത് | കൌസ്തുഭം ,സൌഹൃദ നഗർ , മണ്ണന്തല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2011-12 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2012-13 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2013-14 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | 3-1, 3-2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/488 /19തീയതി 11-4-19 | 27 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1064 /2020തീയതി 10/11/2020 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/73/2022 തീയതി 04/03/2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/905/2022 തീയതി 23/06/2022 | 29 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്